കർത്താവിൽ പ്രിയ സഹോദരങ്ങളേ,

പുരാതനമായ കോട്ടയം വൈദികസെമിനാരിയും (പഴയസെമിനാരി) പുതിയ നാഗ്പൂർ സെന്റ് തോമസ് സെമിനാരിയും ദൈവകൃപയാൽ നന്നായി നടന്നുവരുന്നു. ഇരുസെമിനാരുകളെയും ഒരുമിച്ച് കണക്കിലെടുത്താണ് സഭ 'സെമിനാരി ദിന' പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. നാഗ്പൂർ സെമിനാരിയുടെ റിപ്പോർട്ട് പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നതിനാൽ, ഈ റിപ്പോർട്ടിൽ മുഖ്യമായും കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയെപ്പറ്റിയാണ് പറയുന്നത്.

## 1. പഴയ സെമിനാരി

കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിലും മലങ്കര സഭാചരിത്രത്തിലും പഴയ സെമിനാരി നിർണ്ണായക പങ്കാളിത്തം വഹിച്ചിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും അച്ചടി .മാധ്യമത്തിന്റെയും പ്രാരംഭം കുറിച്ചത് പഴയ സെമിനാരിയിലാണ്. 1814 ൽ പണി ആരംഭിച്ച് 1815 ൽ പഠനം ആരംഭിച്ച 'പഴയ സെമിനാരി' എന്ന പഠിത്തവീടിന്റെ സ്ഥാനം കേരള ചരിത്രത്തിൽ സുപ്രധാനമാണ്.

എ. ഡി. 1810ൽ കണ്ടനാട് പള്ളിയിൽ കൂടിയ മലങ്കരയിലെ പള്ളി പ്രതിപുരുഷന്മാരുടെ സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്-1816) സെമിനാരി ആരംഭിക്കുന്നത്. തിരുവിതാംകൂർ മഹാറാണി സെമിനാരി പണിയുവാനുള്ള സ്ഥലം കരമൊഴിവായി നൽകി. ഗുരുകുല ശൈലിയിലുള്ള മല്പാൻ വീടുകളുടെയും ആധുനിക പാശ്ചാത്യ വിദ്യാലയങ്ങളുടെ സമന്വയമായിരുന്നു പഴയ സെമിനാരിയിലെ വിദ്യാഭ്യാസമാതൃക. 1965ൽ സെറാമ്പൂർ സർവകലാശാലയോടു അഫിലിയേറ്റു ചെയ്തതോടെ സെമിനാരി അക്കാദമിക്ക് ചരിത്രത്തിൽ പുതിയ കാൽവയ്പായി.

ഒരു 'ഓർത്തഡോക്സ് ക്രിസ്ത്യൻ സർവകലാശാല' എന്ന ലക്ഷ്യത്തിലേക്കാണ് അക്കാദമിക് തലത്തിൽ സെമിനാരി നീങ്ങുന്നത്. പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മീകതയും സമഗ്രമായ ക്രിസ്തീയ വിജ്ഞാനവും സമന്വയിപ്പിച്ച് പുതിയ നൂറ്റാണ്ടിലെ വെല്ലുവിളികളെ നേരിടുവാൻ വൈദികരേയും വേദശാസ്ത്രജ്ഞരേയും സജ്ജീകരിക്കുക എന്ന നിർണ്ണായക ധർമ്മം സെമിനാരി ഏറ്റെടുക്കുകയാണ്.

പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് (-1816), പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ (1833-1909), പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് (1858-1934), പൗലോസ് മാർ ഗ്രിഗോറിയോസ് (1922-1996) എന്നീ പിതാക്കന്മാരുടെ കബറിടങ്ങൾ അനേകർക്ക് ആദ്ധ്യാത്മിക ചൈതന്യം പകരുന്നു. മലങ്കര സഭയിലെ പുരാതന സഭാ കേന്ദ്രമായ പഴയസെമിനാരിയിലേക്ക് അനേക വിശ്വാസികൾ ഇപ്പോൾ തീർത്ഥാടകരായി എത്തുന്നുണ്ട്.

## 2. നാഗപ്പൂർ സെന്റ് തോമസ് സെമിനാരി

1999 മുതൽ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി നാഗപ്പൂരിൽ പ്രവർത്തിക്കുന്നു. പ്രാരംഭം മുതൽ 'പഴയ സെമിനാരി'യിൽ നിന്നും എല്ലാ പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകി വരുന്നു. 2002ൽ നാഗപ്പൂർ സെമിനാരിക്ക് സെറാമ്പൂർ സർവകലാശാലയുടെ ബി.ഡി. ബിരുദത്തിനുള്ള അഫിലിയേഷൻ ലഭിച്ചു. നാഗപ്പൂർ സെമിനാരിയിലെ വിദ്യാർത്ഥികൾ എല്ലാവർഷവും പഠനത്തിനായി ഒരു സെമസ്റ്റർ പഴയ സെമിനാരിയിൽ വന്നു താമസിക്കുന്നു. ഇവിടത്തെ നാലാം വർഷ വിദ്യാർത്ഥികളിൽ ചിലർ നാഗപ്പൂർ സെമിനാരിയിൽ പ്രായോഗിക പരിശീലനത്തിനായി ഒരു സെമസ്റ്റർ താമസിക്കുന്നുണ്ട്. കോട്ടയം സെമിനാരിയിലെ അദ്ധ്യാപകർ ആവശ്യാനുസൃതം നാഗപ്പൂർ സെമിനാരിയിലും പഠിപ്പിക്കുന്നു. സെമിനാരി ദിനപിരിവ് നാഗപ്പൂർ സെമിനാരിയും കോട്ടയം ഓർത്തഡോക്സ് സെമിനാരിയും ഒരുമിച്ചാണ് നടത്തുന്നത്. ബാഹ്യ കേരളത്തിലെ സെമിനാരി ദിനാചരണം നാഗപ്പൂർ സെമിനാരിയുടെ നേതൃത്വത്തിലാണ്. സഭയുടെ എല്ലാ ഭാഗത്തു നിന്നുമുള്ള 'സെമിനാരി ദിനപ്പിരിവ് കോട്ടയം സെമിനാരിയിൽ സ്വീകരിച്ച് ഇരു സെമിനാരികളും പ. സുന്നഹദോസിന്റെ നിർദ്ദേശമനുസരിച്ച് പങ്കുവയ്ക്കുന്നു.

നാഗപ്പൂർ സെന്റ് തോമസ് സെമിനാരി പ്രിൻസിപ്പാളായി ഫാ. ഡോ. റെജി മാത്യുവും വൈസ് പ്രിൻസിപ്പാളായി ഫാ.നൈനാൻ കെ. ജോർജും സേവനം അനുഷ്ഠിക്കുന്നു.

## 3. സെമിനാരി അദ്ധ്യാപകർ

ഇന്ത്യയിലെ തിയോളജിക്കൽ സെമിനാരികളിൽ ഉന്നത ബിരുദങ്ങൾ നേടിയ ഏറ്റവും അധികം അദ്ധ്യാപകരുള്ള ഏകസ്ഥാപനമാണ് കോട്ടയം ഓർത്തഡോക്സ് സെമിനാരി. ഇവിടെ നാല് മെത്രാപ്പോലിത്തന്മാരും ഒരു അത്മായനും ഒരു ശെമ്മാശനും ഉൾപ്പെടെ 19 പേർ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നു. ഇവരിൽ മൂന്നു പേർ പ്രൊഫസർ എമിരിറ്റസും നാലു പേർ വിസിറ്റിംഗ് അദ്ധ്യാപകരുമാണ്. വൈദിക സെമിനാരിയിൽ പഠിപ്പിക്കുന്നതോടൊപ്പം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും സമിതികൾക്കും സെമിനാരി അദ്ധ്യാപകർ മുഖ്യനേതൃത്വം നൽകി ക്രിയാത്മക പങ്കാളിത്തം വഹിക്കുന്നു.

ബിരുദാനന്തര തലത്തിലും ഡോക്ടറൽ ഗവേഷണ തലത്തിലും കോഴ്സുകൾ നടത്തുന്നതിന് നമ്മുടെ സെമിനാരിയിലെ അദ്ധ്യാപകർ മുഖ്യപങ്കാളിത്തം വഹിക്കുന്നു.

### 4. വിദ്യാർത്ഥികൾ

രണ്ട് വൈദിക സെമിനാരികളിലുമായി 200 ലധികം വിദ്യാർത്ഥികൾ പഠിക്കുന്നു. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ GST,BD, MTh, DTh എന്നീ തലങ്ങളിലും നാഗപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയിൽ BCS, BDതലങ്ങളിലും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. സെക്കുലർ വിഷയങ്ങളിൽ ബിരുദമോ ബിരുദാനന്തരബിരുദമോ നേടിയവരാണ് വൈദികപഠനത്തിന് എത്തുന്നത്.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ഡോക്ടർ ഗവേഷണ തലത്തിലും ബിരുദാനന്തര തലത്തിലും പഠിക്കുന്ന വിദ്യാർത്ഥികൾ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിവിധ സഭാ വിഭാഗങ്ങളിൽ നിന്നുമുള്ളവരാണ്. കേരളത്തിലെ ഓർത്തഡോക്സ് മാർത്തോമ്മ- സി. എസ്. ഐ. സെമിനാരികളുടെ സംയുക്ത ആഭിമുഖ്യത്തിൽ1980ൽ ആരംഭിച്ച ഫെഡറേറ്റഡ് ഫാക്കൽറ്റിയാണ് (FFRRC) ബിരുദാനന്തര ഗവേഷണ വിഭാഗങ്ങളുടെ മുഖ്യ ചുമതല വഹിക്കുന്നത്. സെറാമ്പൂർ സർവകലാശാലയുടെ കീഴിൽ ഏറ്റവും കൂടുതൽ വിഷയങ്ങളിൽ എം. ടി. എച്ച്. ബിരുദം നൽകുന്ന ഏക സെന്ററാണിത്.

ഗവേഷണ പഠനത്തിന് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന വിവാഹിതരായ വിദ്യാർത്ഥികൾ 'ഫാമിലി ക്വാർട്ടേഴ്സിൽ' കുടുംബമായി താമസിച്ചും പഠിക്കുന്നു.

നാഗപ്പൂർ സെന്റ് തോമസ് സെമിനാരിയിൽ സ്ത്രീകൾക്കും വേദശാസ്ത്രപഠനത്തിൽ പ്രവേശനം നൽകാൻ പ.എപ്പിസ്കോപ്പൽ സുന്നഹദോസ് 2005-ൽ അംഗീകാരം നൽകിയിട്ടുണ്ട്.

### 5. വിദ്യാർത്ഥികൾ (B.D. തലം) :
### ഭദ്രാസനം/പ്രസ്ഥാനം അടിസ്ഥാനത്തിൽ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 13 |
| 3 | തുമ്പമൺ | 11 |
| 4 | മാവേലിക്കര | 9 |
| 5 | ചെങ്ങന്നൂർ | 9 |
| 6 | നിരണം | 12 |
| 7 | കോട്ടയം | 10 |
| 8 | കോട്ടയം സെൻട്രൽ | 3 |
| 9 | ഇടുക്കി | 5 |
| 10 | കണ്ടനാട് ഈസ്റ്റ് & വെസ്റ്റ് | 9 |
| 11 | അങ്കമാലി ഈസ്റ്റ് & വെസ്റ്റ് | 6 |
| 12 | കൊച്ചി | 5 |
| 13 | കുന്നംകുളം | 4 |
| 14 | മലബാർ | 8 |
| 15 | സുൽത്താൻബത്തേരി | 5 |
| 16 | മദ്രാസ് | 7 |
| 17 | ഡൽഹി | 2 |
| 18 | അമേരിക്ക | 3 |
| 19 | സ്ലീബാദാസസമൂഹം | 2 |
| 20 | ആശ്രമങ്ങൾ | 9 |
| 21 | മിഷൻ | 1 |
| 22 | വിദ്യാർത്ഥി പ്രസ്ഥാനം | 2 |
| 23 | കൽദായ ചർച്ച് | 2 |

**6. പ്രായോഗിക പരിശീലനം** (Field Work)

വൈദിക പരിശീലനത്തിൽ ഒരു വർഷം പൂർണ്ണമായി വിദ്യാർത്ഥികളെ പ്രായോഗിക പരിശീലനത്തിന് ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിലേക്ക് അയയ്ക്കുന്നു. നാലാം വർഷ വിദ്യാർത്ഥികളെ ഒരു വർഷവും രണ്ടാം വർഷ വിദ്യാർത്ഥികളെ ഒരു സെമസ്റ്ററും ഇപ്പോൾ പ്രായോഗിക പരിശീലനത്തിനായി വിവിധ സെന്ററുകളിലേക്ക് നിയോഗിച്ചിട്ടുണ്ട്. ചാപ്ലയൻസി, ആതുരശുശ്രൂഷ, അഡ്വാൻസ്ഡ് കൗൺസലിംഗ്, സോഷ്യൽ ആക്ഷൻ, ഡി. അഡിക്ഷൻ, യുവജന മിഷൻ, ചേരിപ്രദേശങ്ങളിലെ പ്രവർത്തനം, ദലിത്-ആദിവാസി സാമൂഹിക പ്രവർത്തനം, ഹരിത സംഘബോധനം, നവജീവൻ, ഉത്തരേന്ത്യൻ മിഷൻ, മതാന്തര-എക്യുമെനിക്കൽ സംവാദങ്ങൾ എന്നീ മേഖലകളിൽ പ്രായോഗിക പരിശീലനത്തിന്നായി വിദ്യാർത്ഥികളെ അയയ്ക്കുന്നു. ഇവയുടെ സിദ്ധാന്തങ്ങളെക്കാൾ പ്രായോഗിക തലങ്ങൾ ഹൃദ്യമായി വിദ്യാർത്ഥികൾക്ക് മനസ്സിലാക്കുവാനും സമൂഹത്തിന്റെ ആത്മാവ് തിരിച്ചറിയുവാനും ഈ പരിശീലനം വഴി സാധിക്കുന്നു. ഓരോ സെന്ററിലുമുള്ള വിദ്യാർത്ഥികൾ സെമിനാരിയിലെ ഒരു അദ്ധ്യാപകന്റെ മുഖ്യ ചുമതലയിലാണ് പഠനങ്ങൾ ക്രോഡീകരിക്കുന്നത്.

പ്രായോഗിക പരിശീലനത്തിനായി മാത്രം ഓരോ വർഷവും രണ്ടു ലക്ഷത്തിലധികം രൂപ ആവശ്യമായി വരുന്നു. ഇൻഡ്യയിലെ വിവിധ സ്ഥലങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ യാത്ര, താമസം, ഭക്ഷണം, കോഴ്സ് ഫീസ് എന്നിവയ്ക്കാണ് തുക ആവശ്യമാകുന്നത്. വൈദിക സെമിനാരിയിലെ മറ്റ് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ കോട്ടയത്തെ സമീപ ഇടവകകളിലും ആതുരസ്ഥാപനങ്ങളിലും മിഷൻ പ്രവർത്തനത്തിനായി പോകുന്നു.വൈദിക പഠനത്തിനൊപ്പം സേവനരംഗത്തുള്ള പ്രായോഗികപരിശീലനം വൈദികശുശ്രൂഷയ്ക്ക് പുതിയ മുഖവും ദർശനവും പകരുവാൻ കഴിയും.

**7. ആദ്ധ്യാത്മിക പരിശീലനം**

ആരാധനയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മിക പരിശീലനമാണ് സെമിനാരി വിദ്യാർത്ഥികൾക്ക് നൽകുന്നത്. പൗരസ്ത്യ സഭയുടെ വിശ്വാസത്തിനും അനുഷ്ഠാനങ്ങൾക്കും മുഖ്യ പ്രാധാന്യം നൽകുന്നു. ഓർത്തഡോക്സ് വേദശാസ്ത്ര വീക്ഷണത്തിലും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളുടെ പശ്ചാത്തലത്തിലും വേദപുസ്തക വ്യാഖ്യാനങ്ങൾ നടത്തുവാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. സുറിയാനി, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ആരാധന നടത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിലും ഹിന്ദിയിലും വി. കുർബ്ബാനയ്ക്കുള്ള പരിശീലനവും നൽകുന്നു.

എല്ലാ ഞായറാഴ്ചയും വിദ്യാർത്ഥികൾ ഇടവകതലത്തിൽ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വിവിധ പള്ളികളിൽ വിദ്യാർത്ഥികൾക്ക് 'ഞായറാഴ്ച മിഷൻ' ക്രമീകരിച്ചിട്ടുണ്ട്. ഇത് വിദ്യാർത്ഥികൾക്കും ഇടവകകൾക്കും ഒരു പോലെ പ്രയോജനകരമാണ്.

അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചുള്ള 'പ്രയർ ഫെലോഷിപ്പ്' എല്ലാ ബുധനും ശനിയും നടത്തുന്നു. ഇത് അദ്ധ്യാപക- വിദ്യാർത്ഥി ബന്ധം ദൃഢമാക്കുവാൻ സഹായിക്കുന്നു. ഈ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ ആതുര ശുശ്രൂഷ പ്രവർത്തനങ്ങൾ നടത്തുന്നു. ഓരോ സെമസ്റ്ററിലും സെമിനാരിയിൽ ധ്യാനം (Community Retreat) ക്രമീകരിക്കുന്നു. ബുധനാഴ്ച സന്ധ്യാനമസ്ക്കാരത്തിനു ശേഷം വേദ ധ്യാന പഠനങ്ങൾക്ക് അദ്ധ്യാപകർ നേതൃത്വം നൽകുന്നു.ഇവ വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക പരിശീലനത്തെ പരിപോഷിപ്പിക്കുന്നു.

പഴയസെമിനാരി മാനേജരായി ഫാ. എം.സി. കുര്യാക്കോസും (പാമ്പാക്കുട), സെമിനാരി ചാപ്ലെയിനായി ഫാ. ഡോ. ജോൺ പണിക്കരും പ. കാതോലിക്കാബാവായുടെ കല്പനപ്രകാരം ശുശ്രൂഷ അർപ്പിക്കുന്നു. പഴയ സെമിനാരി ചാപ്പലിലെ ഞായറാഴ്ച ആരാധനയ്ക്ക് ഇവർ ഒന്നിടവിട്ടുള്ള ഞായറാഴ്കളിൽ നേതൃത്വം നൽകിവരുന്നു.

**8. പരിശുദ്ധ കാതോലിക്കാ ബാവായുടെ സെമിനാരി സന്ദർശനം**

മലങ്കരയുടെ ഏഴാംകാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസ്സേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി ക്രമമായി സെമിനാരി സന്ദർശിക്കുകയും പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇത് സെമിനാരിക്ക് സഭ നൽകുന്ന പ്രാധാന്യമാണ് വെളിപ്പെടുത്തുന്നത്.

പ. ബാവാതിരുമേനിയും സഭയിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരും സെമിനാരി സന്ദർശിക്കുകയും വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

**9. അത്മായ പരിശീലനം**

സെമിനാരിയുടെ ആഭിമുഖ്യത്തിൽ അത്മായർക്കായി മൂന്നു പദ്ധതികൾ വിജയകരമായി നടത്തുന്നു. വേദശാസ്ത്ര പരിശീലനം നൽകുന്ന 'ദിവ്യബോധനം', ആരാധനാ സംഗീതം പരിശീലിപ്പിക്കുന്ന 'ശ്രുതി',

കൗൺസലിംഗ് പരിശീലന കേന്ദ്രമായ 'പ്രത്യാശ' എന്നിവയുടെ പ്രവർത്തനങ്ങളിൽ നിരവധി സ്ത്രീ പുരുഷ ന്മാർ വിവിധ കോഴ്സുകളിലായി പഠിക്കുന്നു.

**a. ദിവ്യബോധനം**

1984 ൽ ആരംഭിച്ച മതബോധന പദ്ധതിയാണ് ദിവ്യബോധനം. ക്രിസ്തീയ സഭയുടെ പൊതു വിശ്വാസം, അടിസ്ഥാന പ്രമാണങ്ങൾ എന്നിവയിൽ ആവശ്യമായ പരിജ്ഞാനം വിശ്വാസികൾക്ക് നൽകുകയാണ് ലക്ഷ്യം. സ്ത്രീകൾക്കും പുരുഷന്മാർക്കും വേദശാസ്ത്ര വിദ്യാഭ്യാസം നൽകുന്ന ഈ പദ്ധതിയിൽ സർട്ടി ഫിക്കേറ്റ്, ഡിപ്ലോമാ, ഡിഗ്രി, എന്നീ മൂന്ന് അക്കാദമിക്ക് തലങ്ങളാണുള്ളത്.

സെമിനാരി അദ്ധ്യാപകർ തയ്യാറാക്കിയ 45 പുസ്തകങ്ങളാണ് പാഠ്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കു ന്നത്. ദിവ്യബോധനത്തിന്റെ രജത ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. വിവിധ പഠന സെമിനാ റുകൾക്കും ശില്പശാലകൾക്കും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

**b. ശ്രുതി**

1988ൽ ആരംഭിച്ച ശ്രുതി - ആരാധനാ സംഗീത വിദ്യാലയത്തിൽ സുറിയാനി സംഗീതം, കർണ്ണാടക സംഗീതം, പാശ്ചാത്യ സംഗീതം എന്നിവയുടെ വിവിധതല ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നു. വിവിധ ഭദ്രാസനങ്ങൾ കേന്ദ്രീകരിച്ചും സംഗീത പരിശീലനം നൽകുന്നു. ശ്രുതിയുടെ നേതൃത്വത്തിൽ വിവിധ സ്ഥല ങ്ങളിൽ നടത്തിയ 'സംഗീത സന്ധ്യകളും' ദേശഭക്തിഗാനാലാപനങ്ങളും രാജ്യാന്തര തലത്തിൽ പ്രശ സ്തിയും അംഗീകാരവും നേടി.. സംഗീതസംബന്ധിയായ വിഷയങ്ങൾക്കുള്ള ഒരു റഫറൻസ് ലൈബ്രറി ശ്രുതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

**C. പ്രത്യാശ**

1996ൽ ആരംഭിച്ച പ്രത്യാശ കൗൺസലിങ്ങ് സെന്ററിൽ പരിശീലനവും ആവശ്യക്കാർക്ക് നിശ്ചിത സമ യത്ത് കൗൺസലിങ്ങും നൽകുന്നു. പ്രി- മാരിറ്റൽ കൗൺസലിങ്ങിന്റെ വിവിധ ക്യാമ്പുകൾ ഇപ്പോൾ ആരംഭി ച്ചിട്ടുണ്ട്. നിരവധി യുവാക്കൾ ഇതിൽ പങ്കുചേരുന്നു. ഇവിടെ നിന്നും പലിശീലനം നേടിയവരുടെ നേതൃത്വ ത്തിൽ വിവിധ ഭദ്രാസനകേന്ദ്രങ്ങളിൽ കൗൺസിലിങ്ങ് പദ്ധതികൾ നടപ്പാക്കി വരുന്നു.

**10. സോഫിയാ സെന്റർ**

1974ൽ ആരംഭിച്ച സോഫിയാ സെന്റർ വിവിധ കോൺഫറൻസുകളും പഠന ക്ലാസ്സുകളും നടത്തുന്ന കേന്ദ്രമാണ്. 35 പേർക്ക് താമസിക്കുവാനുള്ള സൗകര്യവും കോൺഫറൻസ് ഹാളും ഉണ്ട്. വിവിധ സംഘടന കളും പ്രസ്ഥാനങ്ങളും സെമിനാറുകളും ക്യാമ്പുകളും ഇവിടെവച്ച് നടത്തിവരുന്നു. വിപുലമായ രീതിയിൽ നൂതന സംവിധാനങ്ങളോടെ ഒരു പാസ്റ്ററൽ ഓറിയേന്റേഷൻ പ്രോഗാം നടത്തുവാനുള്ള പദ്ധതികൾ ആവി ഷ്കരിച്ച് വരുന്നു.

**11. മാർഗ്രിഗോറിയോസ് ഫൗണ്ടേഷൻ**

പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതനും സെമിനാരി മുൻ പ്രിൻസിപ്പാളുമായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്മരണയ്ക്കായുള്ള ഈ ഫൗണ്ടേഷൻ മുഖേന പുസ്തക പ്രസിദ്ധീക രണം, സെമിനാർ, പഠനക്ലാസ്സുകൾ, സാധുജന ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം എന്നിവ നടത്തു ന്നു. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ എല്ലാ രചനകളും അപ്രകാശിത പ്രബന്ധങ്ങ ളും C. D. Romൽ ആക്കി സൂക്ഷിക്കുന്നു.

**12. ക്രിസ്തീയ ചിത്രകലാ പഠനം** (Saroopya School of Sacred Art)

ചിത്രകലയിൽ വൈഭവമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനവും മതപരമായ ചിത്രകലയിൽ (Iconography) പ്രാവീണ്യവും നൽകുന്നതിനുമായി സാരൂപ്യാ സ്കൂൾ ഓഫ് സേക്രട്ട് ആർട്ട് പ്രവർത്തിക്കു ന്നു. ചിത്രകലയിൽ ഫിൻലൻഡിലെ ഓർത്തഡോക്സ് സഭാംഗം Anja Blomstedt പരിശീലനം നൽകുന്നു.

1653 ലെ കൂനൻകുരിശു സത്യത്തിന്റെ ചരിത്ര പുനരാഖ്യാനം നടത്തിയ എണ്ണച്ഛായാ ചിത്രം സ്മൃതി ചിത്രഗാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ആദ്യമായാണ് 'കൂനൻ കുരിശു സത്യത്തിന്റെ' ദൃശ്യാവിഷ്ക്കാരം ക്യാൻവാസിൽ പകർത്തുന്നത്. ഇതിൽ ഒരു കാലഘട്ടത്തിലെ നസ്രാണി സമൂഹത്തിന്റെ സൂക്ഷ്മ സ്വഭാ വവും ബാഹ്യഭാവങ്ങളും വെളിപ്പെടുത്തുന്നു. പതിനാറടി നീളവും നാലടി ഉയരവുമുള്ള ഈ ചിത്രം, കേരള ത്തിലെ ക്യാൻവാസിലുള്ള ഏറ്റവും വലിയ എണ്ണച്ഛായാ ചിത്രമായാണ് കരുതപ്പെടുന്നത്.

**13. ബുക്കുഷോപ്പ്**

വൈദിക സെമിനാരിയിൽ സഭാവക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും ലഭിക്കുന്നതിനായി ബുക്ക് ഷോപ്പ് ശ്രുതി മന്ദിരത്തിൽ പ്രവർത്തിക്കുന്നു. ദിവ്യബോധനം ഓഫീസിൽ നിന്നും ദിവ്യബോധനം പ്രസി ദ്ധീകരണങ്ങളും പുസ്തകങ്ങളും പൊതുജനങ്ങൾക്ക് വിലകിഴിവിൽ ലഭിക്കുന്നു.

ദിവ്യബോധനം, തിരുവചന ഭാഷ്യം, പാരിഷ് മിഷൻ തുടങ്ങിയ ഗ്രന്ഥാവലികൾ. സഭാവിജ്ഞാനകോശം, പുരോഹിതൻ, ദീപ്തി, സെമിനാരി ബുള്ളറ്റിൻ, ആരാധനാ കാസെറ്റുകൾ എന്നിവയും സെമിനാരി പ്രസിദ്ധീകരണങ്ങളായുണ്ട്. ഇവ സെമിനാരി ബുക്ക്ഷോപ്പിൽ ലഭ്യമാണ്.

**14. പാഠ്യേതര പ്രവർത്തനങ്ങൾ**

വൈദിക- വേദശാസ്ത്ര പഠനത്തോടൊപ്പം വിദ്യാർത്ഥികൾ വിവിധ പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇത് വ്യക്തിത്വ വികസനത്തിന് സഹായിക്കുന്നു.

**a. ദൈവശാസ്ത്ര സമിതി**

സാമൂഹികവും ദൈവശാസ്ത്രപരവുമായ വിഷയങ്ങളിൽ ചർച്ച, പ്രഭാഷണം, സംവാദം എന്നിവ നടത്തുന്നതിന് ദൈവശാസ്ത്ര സമിതി ശ്രദ്ധിക്കുന്നു.

**b. കലാസമിതി**

വിദ്യാർത്ഥികളുടെ കലാ-സാഹിത്യ സർഗ്ഗവാസനകളെ വളർത്തുന്നതിന് കലാസമിതി സഹായിക്കുന്നു. കവിയരങ്ങ്, സാഹിത്യ ചർച്ച, പ്രഭാഷണങ്ങൾ, സംഗീതസായാഹ്നം എന്നിവ നടത്തുന്നു.

**c. കായികസമിതി**

കായികരംഗത്തും നമ്മുടെ വിദ്യാർത്ഥികളുടെ കഴിവുകൾ മികവുറ്റതാണ്. ഇന്റർ സെമിനാരി വോളിബോൾ ടൂർണ്ണമെന്റ്, വോളിബോൾ, ടേബിൾ ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ, ക്രിക്കറ്റ്, കാരംസ് എന്നിവയിൽ വിദ്യാർത്ഥികൾ പരിശീലനം നേടുന്നു. യോഗാ ക്ലാസ്സുകളും ക്രമീകരിക്കുന്നു. പുതിയ വോളിബോൾ കോർട്ട് ആകർഷകമായ രീതിയിൽ നിർമ്മിച്ചിട്ടുണ്ട്.

**d. പാരിഷ് മിഷൻ**

അവധിക്കാലത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് പാരിഷ് മിഷൻ നടത്തുന്നു.ഇടവക ശുശ്രൂഷകൾ നടത്തുന്നതിനുള്ള പരിശീലനമാണ് പാരിഷ് മിഷൻ. ഓർത്തഡോക്സ് വിശ്വാസം സംബന്ധിച്ച സിഡികളും ലഘുലേഖകളും പുസ്തകങ്ങളും വിദ്യാർത്ഥികൾ പാരിഷ്മിഷനിൽ വിതരണം ചെയ്യുന്നു. 2006 മുതൽ ഓണം അവധിക്കും പാരിഷ് മിഷൻ ക്രമീകരിക്കുന്നു.

**e. കാര്യവിചാരക സമിതി**

സാധുജന സംരക്ഷണത്തിനായി അദ്ധ്യാപകരും വിദ്യാർത്ഥികളും സംഭാവന നൽകുന്ന തുക ഉപയോഗിച്ച് 'കാര്യവിചാരക സമിതി' വിവിധ പദ്ധതികൾ നടപ്പാക്കുന്നു. ഒരു ഭവനവും 16 തയ്യൽ മിഷനും കഴിഞ്ഞവർഷം അർഹരായവർക്ക് നൽകി.

**f. പ്രിസൺ മിനിസ്റ്ററി**

തടവറയിൽ കഴിയുന്നവർക്കു കൗൺസലിങ്ങും ധാർമ്മിക പ്രബോധനവും നൽകുന്നതിനുള്ള പദ്ധതിയാണ് 'ജോതിസ് പ്രിസൺ മിനിസ്റ്ററി' എല്ലാമാസവും കോട്ടയം സ്പെഷ്യൽ ജയിലും തിരുവഞ്ചൂരുള്ള ജൂവനൈൽ ഹോമും കേന്ദ്രീകരിച്ച് പഠനക്ലാസ്സുകളും കൗൺസലിങ്ങും നടത്തുന്നു. ശാന്തിഭവൻ, നവജീവൻ, ജില്ലാ ആശുപത്രി എന്നിവടങ്ങളിലും സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**g. ദീപ്തി വാർഷിക പതിപ്പ്**

വിദ്യാർത്ഥികളുടെ സാഹിത്യ-ദൈവ ശാസ്ത്രസൃഷ്ടികൾ പ്രകാശനം ചെയ്യുന്നതിനുള്ള ദീപ്തി വാർഷിക പതിപ്പ് വിദ്യാർത്ഥികളുടെ പ്രത്യേക ഉത്സാഹത്തിലും നേതൃത്വത്തിലും പ്രസിദ്ധീകരിക്കുന്നു. കഴിഞ്ഞ വർഷവും ദീപ്തി ആകർഷകമായി പുറത്തിറക്കി. മലയാള മനോരമ അസ്സോസിയേറ്റ് എഡിറ്റർ ശ്രീ. തോമസ് ജേക്കബ് ദീപ്തി പ്രകാശനം ചെയ്തു.

**h. പരിസ്ഥിതിസംഘം**

സെമിനാരി കാമ്പസിലെ പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി ബോധനവും ലക്ഷ്യമിടുന്നതാണ് പരിസ്ഥിതി സംഘം. (ecology squad) പുതിയതരം വൃക്ഷതൈകളും, ഔഷധച്ചെടികളും നട്ടുവളർത്തുന്നതിലും ജൈവവള നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നതിലും ഈ സംഘം ജാഗ്രത പുലർത്തുന്നു. ഇപ്പോൾ വിപുലമായ രീതിയിൽ ജൈവവള നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ പച്ചക്കറി തോട്ടത്തിൽ പടവലം, പാവൽ, ചീര, മത്തൻ, പയർ, വെണ്ട, വഴുതന, മുളക് എന്നീ വിളകൾ കൃഷി ചെയ്യുന്നു. രണ്ട് പ്രാവശ്യം കൃഷിയിറക്കുവാനും വിളവെടുക്കുവാനും സാധിക്കുന്നു. പടവ

ലം, പാവൽ എന്നിവയുടെ വിശാലമായ പന്തൽ ഏവരുടേയും ശ്രദ്ധ ആകർഷിക്കുന്നു. സെമിനാരിയിൽ ആകർഷകമായ ഒരു പൂന്തോട്ടവും പരിരക്ഷിക്കുന്നു.

**15. സെമിനാരി ലൈബ്രറി**

ആധുനിക സൗകര്യങ്ങളോടു 16,000 ച. അടി വിസ്തീർണ്ണമുള്ള ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് സ്മാരക ലൈബ്രറി 2002 നവംബർ മുതൽ സ്മൃതി മന്ദിരത്തിൽ പ്രവർത്തിക്കുന്നു. ഇതിനോടനുബന്ധിച്ച് ആർകൈവ്സും, ചരിത്ര ഗാലറിയും ഉണ്ട്. ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. പുസ്തകങ്ങളിൽ ബാർ കോഡിംഗ് സംവിധാനം പൂർത്തിയാകുന്നു.

ദേവലോകം ലൈബ്രറിയിൽ നിന്നു ലഭിച്ച 2000–ത്തോളം പുസ്തകങ്ങളും പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്വകാര്യഗ്രന്ഥപ്പുരയിൽനിന്നും ലഭിച്ച ഗ്രന്ഥങ്ങളും ഉൾപ്പെടെ 36000–ത്തോളം പുസ്തകങ്ങൾ സെമിനാരി ലൈബ്രറിയിലുണ്ട്. വിദ്യാർത്ഥികളുടെ പഠന ഗവേഷണങ്ങൾക്കായി പത്തിൽപ്പരം കമ്പ്യൂട്ടറുകളുണ്ട്.

ബൈബിൾപരവും വേദശാസ്ത്രപരവും കാലികവുമായ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള സിഡി, വിസിഡി, മൈക്രോഫിലിം എന്നിവയുടെ ശേഖരണങ്ങൾ ഉൾപ്പെടുത്തി ''മൈക്രോ ഇലക്ട്രോണിക്'' ലൈബ്രറിയും ഇതോടൊപ്പമുണ്ട്.

ലൈബ്രറിയോടനുബന്ധിച്ച് അപൂർവ്വ താളിയോലകളും ഗ്രന്ഥങ്ങളും പുരാവസ്തുക്കളും ഉള്ള ആർക്കൈവ്സും ചരിത്രഗാലറിയും ക്രമീകരിച്ചിട്ടുണ്ട്. സുറിയാനി ഗ്രന്ഥങ്ങളും നിരവധി സുറിയാനി കൈയ്യെഴുത്തുപ്രതികളും ഉൾക്കൊള്ളുന്ന സുറിയാനി ലൈബ്രറിയും ഉണ്ട്.

ശ്രുതി ആരാധനാ സംഗീത വിദ്യാലയത്തോട് അനുബന്ധിച്ച് സംഗീതവുമായി ബന്ധപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളുടെ വിപുലമായ ശേഖരമുള്ള ലൈബ്രറി ശ്രുതിയിൽ ആരംഭിച്ചിട്ടുണ്ട്. ഫാ. സി. സി. ചെറിയാൻ സീനിയർ ലൈബ്രേറിയനായും ഫാ. മാത്യൂസ് ജോൺ ലൈബ്രേറിയനായും പ്രവർത്തിക്കുന്നു.

**16. സെമിനാരി സന്ദർശകർ : പ്രഭാഷണങ്ങൾ**

സെമിനാരി വിദ്യാർത്ഥികളുടെ ആദ്ധ്യാത്മീകവും സാമൂഹികവുമായ വികസനത്തെ മുൻനിർത്തി പ്രഗത്ഭരായ പണ്ഡിതന്മാരെയും നേതാക്കന്മാരെയും പ്രത്യേകം ക്ഷണിച്ച് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നു. ആഴ്ചയിൽ ഒരു പീരിഡ് ഇത്തരം പ്രത്യേക പ്രഭാഷണങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്.

ഡോ. തോമസ് മാർ മക്കാറിയോസ്, ഡോ. സുകുമാർ അഴീക്കോട്, ഡോ. റോജർ ഗെയ്ക്കാർഡ് (സെറാംമ്പൂർ), പ്രൊഫ. റ്റി. എം. യേശുദാസൻ, സുഗതകുമാരി, സംവിധായകൻ ജയരാജ്, തേക്കിൻകാട് ജോസഫ്, ദീപിക ജനറൽ മാനേജർ ഫാ. മുണ്ടയ്ക്കൽ, മലയാള മനോരമ അസോസിയേറ്റ് എഡിറ്റർ തോമസ് ജേക്കബ്, ഫോട്ടോഗ്രാഫർ സജി എണ്ണയ്ക്കാട്, ജയിൻ അങ്ങാടിക്കൽ, അൽഫോൺസ് കണ്ണന്താനം എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രഭാഷണങ്ങളും നയിച്ചു.

**17. എയ്ഡ്സ് ബോധനത്തിനുള്ള ഹൃസ്വചിത്രം**

സെമിനാരി വിദ്യാർത്ഥികൾ എയ്ഡ്സ് ബോധനത്തിനായി നിർമ്മിച്ച് തേഴ്സ്റ്റ് ഫോർ ലൈഫ് (Thirst for life) എന്ന ഹൃസ്വചിത്രം പ്രദർശനത്തിന് ലഭ്യമാണ്. ഇതിന്റെ പ്രകാശനം പ്രശസ്ത സംവിധായകൻ ജയരാജ് നിർവ്വഹിച്ചു. സംഭാഷണമില്ലാതെ സംഗീതവും നിശബ്ദതയും സമന്വയിപ്പിച്ചു ദൃശ്യവൽക്കരിച്ചിരിക്കുന്ന ഈ ഹൃസ്വചിത്രം മാധ്യമങ്ങളിൽ ശ്രദ്ധേയമായി. വിവിധ ഹൃസ്വചിത്ര പ്രദർശനങ്ങൾക്ക് ഇത് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സെമിനാരിയിലെ സാരൂപ്യ സേക്കർട്ട് ആർട്ടാണ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള ഈ ഹൃസ്വചിത്രം നിർമ്മിച്ചിരിക്കുന്നത്.

**18. ഡോ. പി. സി. അലക്സാണ്ടർ എൻഡോവ്മെന്റ്**

വൈദികരുടെ പ്രഭാഷണകലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഡോ. പി. സി. അലക്സാണ്ടർ എൻഡോവ്മെന്റ് പ്രസംഗമത്സരം 2006 മുതൽ സെമിനാരിയിൽ ഏർപ്പെടുത്തി. ബി. ഡി. തലം മുതൽ ബിരുദാനന്തര-ഡോക്ടറൽ ഗവേഷണതലംവരയുള്ള ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കുള്ള ഈ പ്രസംഗമത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു.

**19. ഭാഷാ ലാബോറട്ടറി**

പ്രമുഖ വിദേശഭാഷകൾ ശാസ്ത്രീയമായി പഠിക്കുവാൻ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള സംവിധാനമാണ് ഭാഷാ ലാബോറട്ടറി (Language Lab). ആശയ സംവേദനത്തിൽ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം ഉൾക്കൊണ്ടാണ് ഈ ഭാഷാ ലാബോറട്ടറി പ്രവർത്തനം ആരംഭിച്ചത്. അദ്ധ്യാപകരുടെ ആവശ്യമില്ലാതെതന്നെ ഫലപ്രദമായി ഭാഷ പഠിക്കുവാനുള്ള ഈ സംവിധാനം വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനപ്പെടുന്നു.

**20. 50 വർഷത്തെ അദ്ധ്യാപന ശുശ്രൂഷ**

വൈദിക സെമിനാരിയിൽ 50 വർഷത്തിലധികം അദ്ധ്യാപകരായി ശുശ്രൂഷിക്കുന്ന വന്ദ്യ ഗുരുക്കന്മാരാണ് അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, വന്ദ്യ. റ്റി. ജെ. ജോഷ്വാ അച്ചനും. ഇവരുടെ ബഹുമാനാർത്ഥം സഭാതലത്തിൽ ഒരു സെമിനാറും അനുമോദനസമ്മേളനവും ജനുവരിയിൽ നടത്തുവാനുള്ള വിവിധ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**21. ഓർത്തഡോക്സ് പാസ്റ്ററൽ എഡ്യുക്കേഷൻ നെറ്റ്‌വർക്ക്. (OPEN)**

21-ാം നൂറ്റാണ്ടിലെ സഭാശുശ്രൂഷയ്ക്കായി മലങ്കരസഭയിലെ വൈദികരേയും വിശ്വാസികളെയും സമഗ്രമായി പരിശീലിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളിൽ ശില്പശാല, സെമിനാർ, സംവാദം, പ്രദർശനങ്ങൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള ഓർത്തഡോക്സ് പാസ്റ്ററൽ എഡ്യുക്കേഷൻ നെറ്റ്‌വർക്ക് (OPEN) 2006 മുതൽ ആരംഭിച്ചിരിക്കുകയാണ്. വിവിധ വിഷയങ്ങളിൽ നടത്തിയ പഠന സെമിനാറുകൾക്ക് നമ്മുടെ സഭയിലെ നിരവധി വൈദികരും സ്ത്രീ-പുരുഷന്മാരും പങ്കുചേർന്നു. വേദശാസ്ത്ര അഭ്യസനത്തിന്റെ തുടർപദ്ധതി എന്ന നിലയിലാണ് ഇത് ആവിഷ്ക്കരിച്ചിരിക്കുന്നത്. സോഫിയ സെന്റർ കേന്ദ്രമാക്കിയുള്ള പാസ്റ്ററൽ എഡ്യുക്കേഷൻ നെറ്റ്‌വർക്കിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ഫാ. തോമസ് വർഗ്ഗീസ് പ്രവർത്തിക്കുന്നു

**22. ഗവേണിംഗ് ബോർഡ്**

സമൂഹത്തിന്റെ വിവിധ രംഗത്ത് പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികൾ ഉൾക്കൊള്ളുന്ന സെമിനാരി ഗവേണിംഗ് ബോർഡ് ക്രമമായി സമ്മേളിക്കുകയും നയപരവും അക്കാദമികവുമായ കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

**23. സാമ്പത്തികം**

ദൈവകൃപയാൽ നമ്മുടെ സഭാംഗങ്ങളുടെ അളവറ്റ സഹകരണം മൂലം സെമിനാരിയുടെ അനുദിന ആവശ്യങ്ങൾ ക്രമമായി നടക്കുന്നുണ്ട്. സെമിനാരിയുടെ നടത്തിപ്പിന് മുഖ്യമായും ആശ്രയിക്കുന്നത് 'സെമിനാരി ദിനപ്പിരിവാണ്.' ഇപ്പോൾ രണ്ടു സെമിനാരികളും ഒരുമിച്ചാണ് സെമിനാരി ദിന കവർ പിരിവ് നടത്തുന്നത്. കോട്ടയം സെമിനാരിയിൽ സമാഹരിക്കുന്ന ആകെ തുകയിൽ നിന്നും ചെലവുനീക്കിയുള്ളതിന്റെ 20% നാഗപ്പൂർ സെമിനാരിക്ക് കഴിഞ്ഞ വർഷം മുതൽ നൽകുന്നു.

ഈ വർഷം സെമിനാരി ദിനം ഒക്ടോബർ 7 ഞായറാഴ്ചയാണ്. അന്ന് ഈ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കവർ പിരിവ് വിജയിപ്പിക്കുകയും ചെയ്യണം. സെമിനാരി ദിനത്തിലെ കവർ പിരിവിലും കാണിക്കയിലും ആത്മാർത്ഥമായി സഹകരിക്കണം. കവർ പിരിവും കാണിക്കയും പള്ളിയിൽ നിന്നുള്ള പ്രത്യേക സംഭാവനയും കൃത്യമായി അയച്ചുതരുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ വർഷം സെമിനാരി ദിനപ്പിരിവായി സമാഹരിക്കുവാൻ ആഗ്രഹിക്കുന്നത് 40 ലക്ഷം രൂപയാണ്. കഴിഞ്ഞ വർഷം 3517746.09 രൂപാ സംഭാവനയായി ലഭിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

**24. സെമിനാരി സ്നേഹിതർ**

സെമിനാരിയുടെ അനുദിനപ്രവർത്തനങ്ങൾക്ക് സ്നേഹപൂർവ്വമായ സാമ്പത്തിക കൈത്താങ്ങലുകൾ നൽകുന്ന അനേക സ്നേഹിതരുണ്ട്. ഒരു വൈദിക വിദ്യാർത്ഥിയുടെ വാർഷിക ചെലവിന്റെ പകുതി 7,500 രൂപായോ മുഴുവൻചെലവ് 15,000രൂപായോ ഇവർ നൽകി സഹായിക്കുന്നു. ക്രമമായി ചെറിയ തുകകൾ തരുന്നവരുമുണ്ട്. പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി സ്ഥിരം എൻഡോവ്മെന്റുകൾ ഏർപ്പെടുത്തി സെമിനാരിയെ കരുതുന്ന സ്നേഹിതരുമുണ്ട്. വിവിധ ആവശ്യങ്ങൾക്കായി കൂടുതൽ എൻഡോവ്മെന്റുകൾ ഉണ്ടാകണം. കൂടുതൽ സ്നേഹിതർ ഈ മാതൃക സ്വീകരിക്കണം. സെമിനാരിയെ കരുതുന്ന എല്ലാവരേയും നന്ദിയോടെ ഞങ്ങൾ സ്മരിക്കുന്നു.

സെമിനാരിയിലെ യാമപ്രാർത്ഥനകളിൽ പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സംഭാവന അയയ്ക്കുവാനുള്ള ബാങ്ക് വിവരങ്ങൾ : State Bank of Travancore, CMS College Branch, Kottayam. A/c. No. 57008479117. വിദേശ കറൻസിയിലേക്കുള്ള സംഭാവനകൾ State Bank of Travancore, CMS College Branch, Kottayam. A/c. No. 57008470374.

**25. ഉപസംഹാരം**

ദൈവസന്നിധിയിൽ സ്തോത്രത്തോടും, നമ്മുടെ ഇടവക വികാരിമാർ, പള്ളി ഭരണസമിതിയംഗങ്ങൾ, ജനങ്ങൾ എന്നിവരോടൊപ്പം ആഴമായ നന്ദിയോടും സ്നേഹത്തോടും ഈ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ

കർത്തൃശുശ്രൂഷയിൽ

കോട്ടയം**കെ. എം. ജോർജ്ജ് അച്ചൻ**

15 ആഗസ്റ്റ് 2007 **പ്രിൻസിപ്പാൾ**